# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*276 11/12/2018- ൽ മറുപടിയ്ക്ക്

## ജൈവ പച്ചക്കറികളിലെ കീടനാശിനിയുടെ അംശം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.എം.വിൻസന്റ്<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ.റോജി എം. ജോൺ | ശ്രീ. വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ സ്വകാര്യ ജൈവ പച്ചക്കറി കടകളിൽ വിൽക്കുന്ന പച്ചക്കറികളിൽ മാരകമായ കീടനാശിനി കളുടെയും രാസവസ്തുക്കളുടെയും അംശം കേരള കാർഷിക സർവകലാശാല നടത്തിയ പഠനത്തിൽ കണ്ടെത്തി യിട്ടുണ്ടോ; | (എ) കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന വെള്ളായണി കീടനാശിനി അവശിഷ്ട പരിശോധന ലാബിൽ നടന്നു വരുന്ന "സേഫ് ടു ഈറ്റ്'' പദ്ധതി പ്രകാരം നടത്തിയ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനയുടെ 42-മത്തെ റിപ്പോർട്ട് അനുസരിച്ച് സ്വകാര്യ ജൈവപച്ചക്കറികടകളിൽ നിന്നും ശേഖരിച്ച പച്ചക്കറികളിൽ 11.11 % സാമ്പിളുകളിൽ കീടനാശിനി സാന്നിദ്ധ്യം കണ്ടെത്തിയിട്ടുണ്ട്. |
| (ബി) കേരളത്തിൽ നിരോധിച്ച പ്രൊഫൈനോഫോസ് അടക്കമുള്ള മാരകമായ കീടനാശിനികൾ സ്വകാര്യ ജൈവ പച്ചക്കറി കടകളിൽ വിൽക്കുന്ന പച്ചക്കറികളിൽ കണ്ടെത്തിയ സാഹചര്യത്തിൽ ഇത്തരം കടകൾക്കെതിരെ നിയമ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) കേരളത്തിൽ നിരോധിച്ച പ്രൊഫൈനോഫോസ് അടക്കമുള്ള മാരക കീടനാശിനികൾ സ്വകാര്യ ജൈവ പച്ചക്കറി കടകളിൽ വിൽക്കുന്ന പച്ചക്കറികളിൽ കണ്ടെത്തിയിട്ടുണ്ട്. ഫുഡ് സേഫ്റ്റി വിഭാഗം ഉദ്യോഗസ്ഥർ എടുക്കുന്ന സാമ്പിളുകളിൽ മാത്രമേ നിയമനടപടി സാധ്യമാകൂ. എന്നാൽ കൃഷി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ക്വാളിറ്റി കൺട്രോൾ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി നിരോധിത കീടനാശിനികളുടെ വിപണനവും ഉപയോഗവും തടയുന്നതിന് കർശന നടപടികളാണ് സ്വീകരിച്ചു വരുന്നത്. ഇതിന്റെ ഭാഗമായി ഇൻസെക്ടിസൈഡ് ഇൻസ്പെക്ടർമാർ/കൃഷി ശാസ്ത്ര ബിരുദ ധാരികളായ കൃഷി ഓഫീസർമാർ എല്ലാ |

മാസവും അംതാത് പ്രദേശത്തെ ഡിപ്പോകൾ നിർബന്ധമായും പരിശോധിച്ചു വരുന്നു. കർശനമായ പരിശോധനകളെ തുടർന്ന് കീടനാശിനി ഉപയോഗം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. നിരോധിത കീടനാശിനികൾ തടയുന്നതിന് പ്രാദേശിക-ജില്ല-സംസ്ഥാനതലത്തിൽ സ്ക്വാഡുകളും പ്രവർത്തിക്കുന്നു. നിരോധിത കീടനാശിനികൾ ഒഴിവാക്കിയാണ് ഉത്പാദന-വിപണന ലൈസൻസ് നൽകുന്നത്. നിരോധിത കീടനാശി നികൾ വിറ്റഴിക്കപ്പെടുന്നു എന്ന് ശ്രദ്ധയിൽപെട്ടാൽ ടി ഡിപ്പോയ്ക്കെതിരെ കർശന നിയമനടപടികളും സ്വീകരിക്കുന്നുണ്ട്.

(സി) സർക്കാരിന്റെ ഇക്കോ ഷോപ്പുകളിൽ വിൽക്കുന്ന പച്ചക്കറികളിൽ കീടനാശി നികളുടെയും രാസവസ്തു ക്കളുടെയും അംശം കണ്ടെത്തി യിട്ടുണ്ടോ;

(സി) കാർഷിക വികസന കർഷകക്ഷേമ വകുപ്പിലെ ഉദ്യോഗസ്ഥരുടെ നിരീക്ഷണ ത്തിലും നിർദ്ദേശത്തിലും കൃഷി ചെയ്ത് ഇക്കോഷോപ്പ് വഴി വിൽകുന്ന പച്ചമുളക്, പടവലം എന്നിവകളിലെ ഒരോ സാമ്പിളുകളിൽ മാത്രമേ കീടനാശിനി അവശിഷ്ടം കണ്ടെത്തിയിട്ടുള്ളൂ. കുറഞ്ഞ നിരക്കിലെ കീടനാശിനി സാന്നിദ്ധ്യം കാരണം പൊതുജനങ്ങൾക്ക് ആശ്രയിക്കാവുന്ന കേന്ദ്രങ്ങൾ ആണ് ഇക്കോഷോപ്പുകൾ എന്ന് റിപ്പോർട്ടിൽ കാണുന്നു.

(ഡി) കീടനാശിനിമുക്തമെന്ന പേരിൽ അമിത വില ഈടാക്കുന്ന സ്വകാര്യ ജൈവ പച്ചക്കറി കടകളിലെ പച്ചക്കറികൾ കീടനാശിനിമുക്തമാണെന്ന് ഉറപ്പു വരുത്താൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

(ഡി) നിലവിൽ ജൈവ പച്ചക്കറികളുടെ സാമ്പിളുകൾ ഇക്കോഷോപ്പുകളിൽ നിന്നും കൃഷിയിടങ്ങളിൽ നിന്നും ശേഖരിച്ച് കാർഷിക സർവ്വകലാശാലയുടെ കീഴിൽ വെള്ളായണി കാർഷിക കോളേജിൽ പ്രവർത്തിക്കുന്ന അവശിഷ്ട പരിശോധനാ ലാബിൽ പരിശോധിച്ച് പരിശോധനാ ഫലം കേരള സർക്കാർ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in ൽ ലഭ്യാമായത് പൊതുജനങ്ങളിലും കർഷകരിലും ബോധവൽക്കരണത്തിന് സഹായിക്കും. കൂടാതെ വെള്ളാണിക്കര ഹോർട്ടിക്കൾച്ചർ കോളേജ്, പടന്നക്കാട് കാർഷിക കോളേജ് എന്നിവിടങ്ങളിലും

അവശിഷ്ട വിഷാംശ പരിശോധനാ ലാബുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

കർഷകർക്കുള്ള ബോധവൽക്കരണം, പരിശീലന പരിപാടികൾ എന്നിവയിലൂടെ കൃഷി വകുപ്പിന് ഇവയുടെ വിപണനം നിയന്ത്രിക്കാൻ സാധിക്കും. ഇവയുടെ വിപണനം തടയുന്നതിന് ഭക്ഷ്യ സുരക്ഷാ വകുപ്പാണ് നടപടി സ്വീകരിക്കേണ്ടത്.

ഭക്ഷ്യ സുരക്ഷാ വകുപ്പ് നിരന്തരം ജൈവ പച്ചക്കറി ഷോപ്പുകൾ ഉൾപ്പെടെയുള്ള പച്ചക്കറി കടകളിൽ നിന്നും പച്ചക്കറികളുടെ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കീഴിലുള്ള ലാബുകളിലും കാർഷിക സർവ്വകലാശാലയിലുള്ള വെള്ളായണിയിലുള്ള ലാബുകളിലും പരിശോധന നടത്തുന്നുണ്ട്. ഓണം, ക്രിസ്തുമസ്, റംസാൻ, തുടങ്ങിയ ആഘോഷ വേളകളിലും ആറ്റുകാൽ പൊങ്കാല, തൃശ്ശൂർ പൂരം, ശബരിമല മണ്ഡല കാല മഹോത്സവം തുടങ്ങിയ ഉത്സവസീസണുകളിലും പ്രത്യേക ഭക്ഷ്യസുരക്ഷാ സ്ക്വാഡുകൾ രൂപീകരിച്ച് ഇവയുടെ സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കുന്നുണ്ട്. പ്രസ്തുത പരിശോധനയിൽ ആരോഗ്യത്തിന് ഹാനികരമായ പദാർത്ഥങ്ങൾ കണ്ടെത്തുന്നവയിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം നടപടികൾ സ്വീകരിക്കുന്നുണ്ട്.

Sreelatha

**സെക്ഷൻ ഓഫീസർ**